# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 02.07.2024** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ലോക്സഭയിൽ മറുപടി നൽകും.

**Prime Minister Narendra Modi will reply to the Motion of Thanks to the President Droupadi Murmu's address to the joint sitting of both the Houses in the Lok Sabha this evening.**

2. പാർലമെൻറിൽ പെരുമാറ്റ ചട്ടങ്ങൾ കൃത്യമായി പാലിക്കാൻ **NDA** എംപിമാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി.

**Prime Minister Narendra Modi today urged NDA Members of Parliament to adhere to the rules of Parliament, uphold the principles of Parliamentary Democracy, and exhibit good conduct.**

3. കേരളത്തിൽ നിന്നുള്ള മൂന്ന് രാജ്യസഭാംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

**Three Rajyasabha MPs from Kerala took oath today .**

4. മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ചാ വ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യം, സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

**Opposition Walkout in Kerala Assembly over the large-scale spreading of communicable diseases across the state.**

5. മദ്യനയ അഴിമതി കേസിൽ, സിബിഐ അറസ്റ്റിനെ ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജി ഹൈക്കോടതി ഇന്ന് പരിഗണിക്കും

**The Delhi High Court is scheduled to hear Chief Minister Arvind Kejriwal's plea challenging his arrest by the Central Bureau of Investigation (CBI) linked to the alleged liquor policy case.**

6. വിദ്യാർഥികൾക്കുള്ള വീസ നിരക്ക് ഇരട്ടിയിലധികം വർധിപ്പിച്ച് ഓസ്ട്രേലിയ

**Australia has more than doubled the cost of student visa fees from 710 dollars to 1,600 dollars.**

*********************

## MOTION OF THANKS

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ലോക്സഭയിൽ മറുപടി നൽകും. പാർലമെൻറിൻറെ ഇരുസഭകളിലും നന്ദിപ്രമേയ ചർച്ചകൾ തുടരുകയാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥ ആഗോളതലത്തിൽ അഞ്ചാമതായി ഉയർന്നെന്ന് പറയുമ്പോഴും പ്രതിശീർഷ വരുമാനം ഇപ്പോഴും കുറവാണെന്ന് സമാജ്‌വാദി പാർട്ടി എം.പി അഖിലേഷ് യാദവ് പറഞ്ഞു. യുവാക്കൾക്ക് തൊഴിൽ നൽകാൻ സർക്കാരിന് താൽപര്യമില്ല എന്നതിൻറെ തെളിവാണ് തുടർച്ചയായ ചോദ്യപേപ്പർ ചോർച്ചയെന്നും അദ്ദേഹം ആരോപിച്ചു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്നലെ ലോക്സഭയിൽ നടത്തിയ പരാമർശങ്ങളിൽ ബിജെപി എം.പി സന്തോഷ് പാണ്ഡെ എതിർപ്പ് രേഖപ്പെടുത്തി. രാജ്യത്തെ അടിസ്ഥാനസൗകര്യ മേഖലയിൽ വലിയ രീതിയിലുള്ള വികസനം കേന്ദ്ര സർക്കാർ കൊണ്ടുവന്നതായി ശ്രീ സന്തോഷ് പാണ്ഡെ ചൂണ്ടിക്കാട്ടി. രാജ്യസഭയിൽ നടന്ന ചർച്ചയിൽ അസമിലെ പട്ടിക വർഗ വിഭാഗങ്ങളുടെ പട്ടികയിൽ ചില വിഭാഗങ്ങളെ ഉൾപ്പെടുത്തിയതിലെ പ്രശ്നങ്ങൾ എ.ജി.പി എംപി ബീരേന്ദ്ര പ്രസാദ് ബൈഷ്യ ഉന്നയിച്ചു. അസമിലെ തദ്ദേശ ജനങ്ങളുടെ സ്വത്വം

സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അനധികൃത കുടിയേറ്റങ്ങൾ കാരണം ഉണ്ടാകുന്ന പ്രശ്നങ്ങളും അദ്ദേഹം ഉയർത്തിക്കാട്ടി. ബിജെപി ഭരണഘടനയിൽ മാറ്റം വരുത്തുമെന്ന തരത്തിലുള്ള തെറ്റായ പ്രചരണം തെരഞ്ഞെടുപ്പ് സമയത്ത് നടന്നതായി ബിജെപി എം.പി അശോക് റാവു ചവാൻ പറഞ്ഞു. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട കൃത്യമായ അന്വേഷണമാണ് നടക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നാളെ രാജ്യസഭയിൽ മറുപടി നൽകും.

********************

## MODI – NDA MP

പാർലമെൻറിൽ പെരുമാറ്റ ചട്ടങ്ങൾ കൃത്യമായി പാലിക്കാൻ NDA എംപിമാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. അനാവശ്യമായ പ്രതികരണം മാധ്യമങ്ങൾക്ക് മുന്നിൽ നടത്തരുതെന്നും, കൃത്യമായ തയ്യാറെടുപ്പ് നടത്തിയ ശേഷം വേണം സഭയിലെത്താനെന്നും ശ്രീ മോദി എംപിമാർക്ക് നിർദ്ദേശം നൽകി. പാർലമെൻറിലെ ബാലയോഗി ഓഡിറ്റോറിയത്തിൽ നടന്ന NDA പാർലമെൻററി യോഗത്തിൽ രാജ്നാഥ് സിങ്ങ്, അമിത് ഷാ, നിതിൻ ഗഡ്കരി തുടങ്ങിയ കേന്ദ്രമന്ത്രിമാർ പങ്കെടുത്തു.

********************

## KERALA MP SWEARING

കേരളത്തിൽ നിന്നുള്ള മൂന്ന് രാജ്യസഭാംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. മുസ്ലിം ലീഗ് എംപി ഹാരിസ് ബീരാൻ, കേരള കോൺഗ്രസ് (എം) അംഗം ജോസ് കെ മാണി, സിപിഐ എംപി പി പി സുനീർ എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്തത്. മലയാളത്തിലായിരുന്നു പി പി സുനീറിന്റെ സത്യപ്രതിജ്ഞ.

********************

## NIYAMASABHA WALKOUT

സംസ്ഥാനത്ത് മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള പകർച്ചാ വ്യാധികൾ കാരണം മരണങ്ങൾ വർധിക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്തു നിന്നും ടി വി ഇബ്രാഹിം ആണ് ഇത് സംബന്ധിച്ച ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. സംസ്ഥാനത്ത് പകർച്ചാ വ്യാധി പടരുന്ന സാഹചര്യത്തെ ആരോഗ്യ മന്ത്രി വളരെ ലാഘവത്തോടെയാണ് സമീപിക്കുന്നത് എന്ന് ടി വി ഇബ്രാഹിം ആരോപിച്ചു. കാലാനുസൃതമായി മാറ്റം വരുത്താത്തതിനാൽ ആരോഗ്യ രംഗം പിന്നോട്ട് പോയിരിക്കുന്നു എന്നും പകർച്ചാ വ്യാധി പടരുന്നതിൻറെ മൂല കാരണം കണ്ടെത്തണം എന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. പകർച്ച വ്യാധികളെ നിയന്ത്രിച്ച് ശാശ്വത പരിഹാരമുണ്ടാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. മലപ്പുറത്ത് ശാസ്ത്രീയമായ ഇടപെടലിൻറെ ഭാഗമായി രോഗം റിപ്പോർട്ട് ചെയ്ത ഇടങ്ങളിൽ സ്ഥിതി നിയന്ത്രണ വിധേയമാണെന്ന് മന്ത്രി വീണ ജോർജ് മറുപടിയായി പറഞ്ഞു. രോഗം രൂക്ഷമായ വള്ളികുന്നിൽ ആരും നിലവിൽ ഐ പി അഡ്മിഷനിൽ ഇല്ലെന്നും ആശങ്കപ്പെടേണ്ട കാര്യമില്ലെന്നും മന്ത്രി വ്യക്തമാക്കി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു . ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് നിന്നിറങ്ങി പോവുകയായിരുന്നു.

**********************

## HC–KEJRIWAL

മദ്യനയ അഴിമതി കേസിലെ സിബിഐ അറസ്റ്റിനെ ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജി ഹൈക്കോടതി ഇന്ന് പരിഗണിക്കും. അറസ്റ്റ് ചെയ്യുന്നതിന് പുതിയ തെളിവുകൾ ഒന്നും സിബിഐ ഹാജരാക്കിയിട്ടില്ലെന്ന് കെജ്‌രിവാൾ നൽകിയ ഹർജിയിൽ പറയുന്നു. ജസ്റ്റിസ് നീന ബൻസാൽ

കൃഷ്ണയുടെ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. കഴിഞ്ഞ ജൂൺ 26 നാണ് സിബിഐ അദ്ദേഹത്തെ അറസ്റ്റ് ചെയ്തത്.

********************

## NTA SUGGESTION

നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളും നിർദേശങ്ങളും സംബന്ധിച്ച് പൊതുജനാഭിപ്രായം തേടി കേന്ദ്ര സർക്കാർ. ഡോ. കെ രാധാകൃഷ്ണൻറെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയാണ് വിഷയത്തിൽ രക്ഷിതാക്കളോടും വിദ്യാർത്ഥികളോടും അഭിപ്രായം തേടിയത്. പരീക്ഷാ നടത്തിപ്പ്, സുരക്ഷ, NTA യുടെ പ്രവർത്തനം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ പൊതുജനങ്ങൾക്ക് ഈ മാസം ഏഴു വരെ അറിയിക്കാം.

********************

## MEA-SCO SUMMIT

കസാക്കിസ്ഥാനിലെ അസ്താനയിൽ ഈ മാസം നാലിന് നടക്കുന്ന ഷാങ്ഹായ് എസ്.സി.ഒ നേതൃതല യോഗത്തിൽ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിക്കും. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തെ സംഘടനയുടെ പ്രവർത്തനങ്ങൾ, ഉച്ചകോടിയിൽ ലോകനേതാക്കൾ അവലോകനം ചെയ്യുമെന്നും, ബഹുമുഖ സഹകരണത്തിൻറെ സാധ്യതകളെക്കുറിച്ച് ചർച്ച നടത്തുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ വർഷം നടന്ന 23-മത് SCO നേതൃയോഗത്തിന് ഇന്ത്യ വെർച്വലായി ആതിഥേയത്വം വഹിച്ചിരുന്നു.

********************

## LEKSHADWEEP ELECTRICITY

ലക്ഷദ്വീപിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു. 100 യുണിറ്റ് വരെ 3 രൂപയും 101 മുതൽ 200 വരെ 4 രൂപ 50 പൈസയും 201 മുതൽ 300 വരെ 6 രൂപ 50 പൈസയും 300 യൂണിറ്റിന് മുകളിൽ 8 രൂപ 50 പൈസ വരെയുമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. കൊമേഷ്യൽ നിരക്കിൽ 100 യുണിറ്റ് വരെ 10 രൂപയും 101 മുതൽ 200 യൂണിറ്റ് വരെ 11 രൂപ 50 പൈസയും 201ന് മുകളിൽ 15 രൂപയുമാണ് വർദ്ധന.

*********************

## INDIA-THAILAND MILITARY EXERCISE

ഇന്ത്യ- തായ്‌ലൻഡ് സംയുക്ത സൈനിക അഭ്യാസമായ മൈത്രിയുടെ 13-ാം പതിപ്പിൽ പങ്കെടുക്കുന്നതിനായി ഇന്ത്യൻ സംഘം തായ്‌ലൻറിലേക്ക് പുറപ്പെട്ടു. താക് പ്രവിശ്യയിൽ നടക്കുന്ന സൈനികാഭ്യാസം ഈ മാസം 15 വരെ നീളും. ഇരു രാജ്യങ്ങളുടെയും സേനയിൽ നിന്ന് 76 പേർ വീതമാണ് അഭ്യാസത്തിൽ പങ്കെടുക്കുന്നത്. തീവ്രവാദം, നുഴഞ്ഞുകയറ്റം എന്നിവക്കെതിരെയുള്ള സംയുക്ത നീക്കങ്ങൾ മെച്ചപ്പെടുത്തുകയാണ് മൈത്രിയുടെ ലക്ഷ്യമെന്ന് പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി. ഇരു സേനകളും തമ്മിലുള്ള പരസ്പര ധാരണ, സൗഹാർദ്ദം എന്നിവ വികസിപ്പിക്കാനും സംയുക്ത അഭ്യാസം സഹായകമാകുമെന്നാണ് വിലയിരുത്തൽ.

*********************

## AMOEBIC - VEENA GEORGE

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിൽസയിൽ കഴിയുന്ന രാമനാട്ടുകര സ്വദേശിയായ 12 വയസ്സുകാരന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരായ പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗരേഖ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ്

അറിയിച്ചു. രോഗബാധയെ കുറിച്ച് ജനങ്ങളിൽ അവബോധം ശക്തിപ്പെടുത്താൻ മന്ത്രി ആരോഗ്യവകുപ്പിന് നിർദേശം നൽകി. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്ത് ശുദ്ധമാണെന്ന് ഉറപ്പാക്കണം. ചെവിയിൽ പഴുപ്പുള്ള കുട്ടികൾ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും മറ്റും കുളിക്കാൻ പാടില്ലെന്നും രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

*********************

## FOREST FESTIVAL

ഈ വർഷത്തെ വനമഹോത്സവത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എ.കെ ശശീന്ദ്രൻ ഇന്ന് വനം വകുപ്പ് ആസ്ഥാനത്ത് നിർവ്വഹിക്കും. വനമിത്ര പുരസ്കാര വിതരണം, രാജ്യാന്തര പരിസ്ഥിതി ചലച്ചിത്രമേള , അരണ്യം മാസികയുടെ പ്രത്യേക പതിപ്പിന്റെ പ്രകാശനം, സംരക്ഷിത വനങ്ങളെ സംബന്ധിച്ച കോഫി ടേബിൾ ബുക്ക്, മികച്ച നഗരവനത്തിനുള്ള അവാർഡ് വിതരണം, H.A.W. സോഫ്റ്റ് വെയർ കൈമാറൽ, സൗജന്യ നേച്ചർ ക്യാമ്പ് ആപ് ഉദ്ഘാടനം, സർപ്പ ബുക്ക്ലെറ്റ് ഉദ്ഘാടനം എന്നിവയും ചടങ്ങിന്റെ ഭാഗമായി നടക്കും.

*********************

## AUSTRALIA STUDENT VISA

അന്താരാഷ്ട്ര വിദ്യാർഥികൾക്കുള്ള വീസ നിരക്ക് ഇരട്ടിയിലധികം വർധിപ്പിച്ച് ഓസ്ട്രേലിയ. അന്താരാഷ്ട്ര സ്റ്റുഡൻറ് വീസ നിരക്ക് 710 ഡോളറിൽ നിന്ന് 1,600 ആയാണ് ഉയർത്തിയത്. ഈ മാസം 1 മുതൽ പുതിയ നിരക്ക് പ്രാബല്യത്തിലായിട്ടുണ്ട്. അതോടൊപ്പം, സന്ദർശക വീസയിലുള്ളവർക്കും താത്കാലിക ബിരുദ വീസയുള്ള വിദ്യാർഥികൾക്കും ഓസ്ട്രേലിയയിൽ ആയിരിക്കുമ്പോൾ ഇനി സ്റ്റുഡൻറ് വീസയ്ക്ക് അപേക്ഷിക്കാൻ അർഹതയുണ്ടാവില്ല. ഓസ്ട്രേലിയയിൽ ഉപരിപഠനത്തിന്

തയ്യാറെടുക്കുന്ന വിദ്യർത്ഥികൾക്ക് തിരിച്ചടിയാണ് ഈ നീക്കം. അതേസമയം, ഫീസ് വർധനവിലൂടെയുള്ള അധികവരുമാനം വിദ്യാഭ്യാസമേഖല മെച്ചപ്പെടുത്തുന്നതിനുള്ള ധനസമാഹരണത്തിന് സഹായിക്കുമെന്ന് ഓസ്ട്രേലിയൻ സർക്കാർ അറിയിച്ചു.

*********************

## DONALD TRUMP

പ്രസിഡൻറ് എന്ന നിലയിൽ ചെയ്ത ചില കാര്യങ്ങൾക്ക് മുൻ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന് നിയമപരിരക്ഷ ലഭിക്കുമെന്ന് അമേരിക്കൻ സുപ്രീംകോടതി. എന്നാൽ വ്യക്തിപരമായ പ്രവൃത്തികളിൽ പരിരക്ഷ ലഭിക്കില്ലെന്നും കോടതി വ്യക്തമാക്കി. ഡോണൾഡ് ട്രംപിന് ഇത്തരത്തിൽ നിയമപരിരക്ഷ ലഭിക്കുമെന്ന സമീപനം ആദ്യമായാണ് യുഎസ് കോടതി സ്വീകരിക്കുന്നത്. 2020 തിരഞ്ഞെടുപ്പ് അട്ടിമറിയുമായി ബന്ധപ്പെട്ട് ട്രംപിന് പരിരക്ഷ അനുവദിക്കാതിരുന്ന കീഴ്ക്കോടതി വിധി തള്ളിക്കൊണ്ടാണ് സുപ്രീംകോടതി ഉത്തരവ്.

***************************************************************

*********************